## ജനസമ്പർക്കപരിപാടി :

# ആദ്യസഹായം സ്മിതയുടെ കുടുംബത്തിന്

രണ്ടു മാസം മുമ്പ് നാടിനെ ഒന്നടങ്കം ദു:ഖത്തിലാഴ്ത്തി കൊലചെയ്യപ്പെട്ട സ്മിതയുടെ കുടുംബത്തിനാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആലപ്പുഴയിലെ ജനസമ്പർക്കപരിപാടിയിൽ ആദ്യസഹായം നൽകിയത്. മാതാപിതാക്കളുടെ ഏക ആശ്രയമായിരുന്ന വിധവയായ സ്മിത മകളെ വളത്തുന്നതിനും കുടുംബം പുലർത്തുന്നതിനും വേണ്ടി ജോലിസ്ഥലത്തു നിന്നു മടങ്ങുമ്പോഴാണ് നാടിനെ ഞെട്ടിച്ച സംഭവം നടന്നത്. സമീപപ്രദേശത്തുള്ള യുവാവിന്റെ കൊടും പീഡനത്തെ തുടർന്ന് സ്മിത കൊല ചെയ്യപ്പെടുകയായിരുന്നു.

കായംകുളം ഓലകെട്ടിയമ്പലം കൊയ്പ്പിള്ളിക്കാരാഴ്മ സ്മിതയുടെ മകൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്കായി 5,00,000 രൂപ ബാങ്കിൽ നിക്ഷേപിക്കുന്നതിനും കുടുംബത്തിന് വീടു വയ്ക്കുന്നതിനായി 5,00,000 രൂപയുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചത്. സ്മിതയുടെ പിതാവ് കെ.ആർ. നിവാസിൽ രാമകൃഷ്ണനും അമ്മ രമണിയും മുഖ്യമന്ത്രിയിൽ നിന്ന് സഹായം ഏറ്റു വാങ്ങി. ഇതോടൊപ്പം വിവിധ തരത്തിൽ അപകടത്തിൽ മരണപ്പെട്ട 10 പേരുടെ കുടുംബങ്ങൾക്ക് അനുവദിച്ച ധനസഹായവും മുഖ്യമന്ത്രി നൽകി.

ആലപ്പുഴ എഴുപുന്ന വട്ടത്ത്പറമ്പ് സ്വദേശിയായ തങ്കപ്പന്റെ മകൻ നിതിൻ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടു. ഏറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്ന കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു വർക്ക്ഷോപ്പ് തൊഴിലാളി കൂടിയായിരുന്ന നിതിൻ. മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപ നിതിന്റെ കുടുംബത്തിന് ജനസമ്പർക്കപരിപാടിയിലൂടെ നൽകി. നിതിന്റെ പിതാവ് തങ്കപ്പൻ മുഖ്യമന്ത്രിയുടെ കൈയിൽ നിന്നു തുക ഏറ്റുവാങ്ങി.

ആലപ്പുഴ സ്വദേശി സിസിലി എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥയിൽ ആംബുലൻസിലാണ് മുഖ്യമന്ത്രിയെ കാണാൻ ജനസമ്പർക്കപരിപാടിയിൽ എത്തിയത്. സിസിലിയുടെ പ്രശ്നം നേരട്ടു കണ്ട് മനസ്സിലാക്കിയ മുഖ്യമന്ത്രി വണ്ടാനം മെഡിക്കൽ കോളെജിൽ സൗജന്യ ഓപ്പറേഷനുള്ള സൗകര്യം ഒരുക്കി.

ആലപ്പുഴ ചന്തിരൂർ കോളാത്ത് കുന്നിൽ വീട്ടിലെ മാർട്ടിൻ മരപ്പണി ചെയ്ത് കുടുംബം പുലർത്തിയിരുന്ന വ്യക്തിയാണ്. ചലനശേഷി നഷ്ടപ്പെട്ടതിനെ തുടർന്ന് ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥയിലായി. ബാങ്കിൽ നിന്ന് ലോൺ എടുത്ത 20,000 രൂപ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലാണ് മുഖ്യമന്ത്രിയെ കണ്ട് തന്റെ അവസ്ഥ അറിയിക്കാൻ മാർട്ടിൻ ജനസമ്പർക്കപരിപാടിയിൽ എത്തിയത്. മാർട്ടിന്റെ കൈയിൽ നിന്നു പരാതി കൈപ്പറ്റിയ മുഖ്യമന്ത്രി ലോൺ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ഉറപ്പു നൽകി.